Mr. M. Raman Menon (*Commissioner of Excise*): No.

Mr. K. R. Viswambharan (*Ezhuvas-Talappalli*): Has the matter been taken to the notice of the Department at any time by any body?

Mr. M. Raman Menon (*Commissioner of Excise*): If you point out any instance, I can give you information regarding that. But if you say at random.....

Mr. K. R. Viswambharan (*Ezhuvas-Talappalli*): It is not a question of speaking at random. From every tapper of the Irinjalakkuda range, one anna per tree is taken by the officers and there are complaints put in by these tappers before the Departmental authorities.

Mr. M. Raman Menon (*Commissioner of Excise*): No tapper brought this before the Commissioner.

Mr. V. J. Mathai (*Planters*): In view of the statement made by a responsible member of this House, will the Government be pleased to inquire into the matter?

Mr. T. V. Subramania Ayyar (*Nemmara*): Does he shoulder the responsibility?

Mr. K. R. Viswambharan (*Ezhuvas-Talappalli*): Oh, yes. I have got ample evidence.

TODDY—SALE BY WOMEN & CHILDREN.

449. മിസിസ്സ് തങ്കമ്മ എൻ. മേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറ് സദയം മറുപടി പറയാമോ:—

(*a*) അബ്കാരി ഷാപ്പുടമസ്ഥന്മാർ മദ്യംവില്പനക്കു സ്ത്രീകളേയും കുട്ടികളേയും നിയമിക്കുന്ന വിവരം ഗവൺമെൻറിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ;

(*b*) സ്ത്രീകളേയും കുട്ടികളേയും മദ്യവില്പനക്കു നിയമിക്കുവാൻ പാടുള്ളതല്ലെന്നുള്ള ഒരു കല്പന ഗവൺമെൻറിൽനിന്നും ഷാപ്പുടമസ്ഥന്മാർക്കു അയക്കുമോ?

മിസ്റ്റർ എം. രാമൻമേനോൻ: (*a*) ഇല്ല; അപൂർവ്വം ചില സംഗതികളിൽ മാത്രം അങ്ങിനെ കണ്ടിട്ടുണ്ട്. ആ കാര്യങ്ങളിൽ ഉടൻതന്നെ കർശനമായ കല്പനകൾ കൊടുക്കുകയും ഉണ്ടായിട്ടുണ്ട്.

(*b*) ഇപ്പോൾ നിലവിലുള്ള നിയമം സ്ത്രീകളേയും കുട്ടികളേയും മദ്യവില്പനക്കു നിയോഗിക്കുവാൻ പാടില്ലെന്നു നിരോധിച്ചിട്ടുണ്ട്. പുതിയ ഒരു ഉത്തരവിന്റെ ആവശ്യം ഇല്ല.

മിസിസ്സ് തങ്കമ്മ എൻ. മേനോൻ: ആദ്യം 'ഇല്ല' എന്നു പറഞ്ഞു. പിന്നെ, അപൂർവ്വം ചില സംഗതികളിൽമാത്രം അങ്ങിനെ കണ്ടിട്ടുണ്ട്. ആ കാര്യങ്ങളിൽ ഉടൻതന്നെ കർശനമായ കല്പനകൾ കൊടുക്കയും ഉണ്ടായിട്ടുണ്ട്. എന്നും പറഞ്ഞു. ഈ കർശനമായ കല്പനകൾ ശരിയായി വിനിയോഗിച്ചിട്ടുണ്ടോ എന്നു ഗവൺമെൻറ് അന്വേഷിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. രാമൻ മേനോൻ : കഴിയുന്നതും എൻഫോഴ്സ് ചെയ്യുന്നുണ്ട്.

മിസിസ്സ് തങ്കമ്മ എൻ. മേനോൻ : കല്ലന കൊടുത്താൽ മാത്രം മതിയോ? ആ കല്ലന ശരിക്കു വിനിയോഗിക്കുന്നുണ്ടോ എന്നു അന്വേഷിക്കേണ്ടതല്ലേ?

മിസ്റ്റർ എം. രാമൻമേനോൻ : കഴിയുന്നതും അന്വേഷിക്കുന്നുണ്ട്.

Mr. C. V. Iyyu (*Kunnamkulam*): What the Excise Commissioner said is true. Women are not appointed to sell toddy, but they are appinted to sell curry. (*Laughter*).

DRINKING HABIT—WOMEN & CHILDREN—CHECKING OF.

450. മിസിസ്സ് തങ്കമ്മ എൻ. മേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെൻറ് സഭയെ മറുപടി പറയുമോ:—

(*a*) അബ്കാരി ഷാപ്പുകളിൽ മദ്യം സേവിക്കുവാൻ സ്ത്രീകളും കുട്ടികളും യാതൊരളവായി പോകുന്ന വിവരം ഗവൺമെൻറിനു അറിയാമോ;

(*b*) ഇനിമേലാൽ സ്ത്രീകൾക്കും കുട്ടികൾക്കും അബ്കാരിഷാപ്പുകളിൽ പ്രവേശനം നൽകുവാൻ പാടുള്ളതല്ലെന്നും അവർക്കു സേവിക്കുവാൻ മദ്യം വിറ്റുപോകരുതെന്നുമുള്ള ഒരു ഉത്തരവ് കഴിയുന്നതും വേഗത്തിൽ ഗവൺമെൻറിൽനിന്നും അയക്കാമോ?

മിസ്റ്റർ എം. രാമൻമേനോൻ: (*a*) ഇല്ല.

(*b*) സ്ത്രീകൾക്കും കുട്ടികൾക്കും മദ്യം കൊടുക്കുവാൻ പാടില്ലെന്നു ഇപ്പോഴുള്ള ചട്ടംതന്നെ നിരോധിച്ചിട്ടുണ്ട്. സ്ത്രീകൾക്കു മദ്യഷാപ്പുകളിൽ താമസിക്കുവാൻ പാടില്ലെന്നും നിയമം ഉണ്ട്. വീണ്ടും ഒരു പുതിയ ഉത്തരവിന്റെ ആവശ്യം ഇല്ല.

മിസ്റ്റർ വി. കെ. കുട്ടി: നിയമം കടലാസ്സിൽ മാത്രമേയുള്ളു. സാധാരണയായി ഉൾനാടുകളിൽ സ്ത്രീകളും കുട്ടികളും ഷാപ്പിൽ പോയി മദ്യം കുടിച്ചുവരുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഈ കാര്യത്തിൽ കർശനമായ ഒരു കല്പനകൊടുക്കാമോ?

മിസ്റ്റർ. എം. രാമൻ മേനോൻ : ഇതിനെപ്പറ്റി ആക്ഷേപമൊന്നും കിട്ടിട്ടില്ല. ആക്ഷേപം വന്നാൽ നോക്കാം.

മിസ്റ്റർ. വി. കെ. കുട്ടി: സാധാരണസ്ത്രീകളും കൊച്ചുകുട്ടികളും മദ്യംകുടിച്ചുവരുന്നതായി എനിക്കറിയാം. അങ്ങിനെ ചെയ്യുന്നതു ഷാപ്പുപരിശോധിക്കാൻ പോകുന്ന ഇൻസ്പെക്ടർമാർ കണ്ടിട്ടുണ്ടോ?

മിസ്റ്റർ. എം. രാമൻമേനോൻ : സ്ത്രീകൾക്കു കുടിക്കാൻ പാടില്ല എന്നു നിയമമില്ല. ഷാപ്പിൽ പോകാൻ പാടില്ലെന്നേയുള്ളു.

മിസ്റ്റർ. വി. കെ. കുട്ടി : സ്ത്രീകൾ ഷാപ്പിൽപോയി കുടിക്കുന്നതു എന്റെ ദൃഷ്ടികൊണ്ടു കണ്ടിട്ടുണ്ട്.

മിസ്റ്റർ. കെ. എസ്സ്. പണിക്കർ : സ്ത്രീകൾ മദ്യം കുടിക്കുന്നതിൽ വല്ല ദോഷവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly